പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2452 | 9.03.2018-ൽ മറുപടിക്ക്

## വേതന സുരക്ഷാപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, പി.ടി. തോമസ്<br>,, എം. വിൻസെന്റ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മുൻസർക്കാരിന്റെ കാലത്ത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനും വേതനവിതരണം സുതാര്യമാക്കുന്നതിനും തൊഴിൽ വകുപ്പ് ആവിഷ്കരിച്ച വേതന സുരക്ഷാപദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) വിവിധ തൊഴിൽ മേഖലകളിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതനം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കി വേതന സുരക്ഷയും സുതാര്യതയും ഉറപ്പ വരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് വേതന സുരക്ഷാ പദ്ധതി. പ്രസ്തുത പദ്ധതിക്കുവേണ്ടി തൊഴിൽ വകുപ്പ് വികസിപ്പിച്ച സോഫ്റ്റ്‌വെയർ വഴി തൊഴിലുടമകൾ സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടതും തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. ടി പദ്ധതി നടപ്പിലാക്കുവാൻ കരാറിലേർപ്പെട്ട എതെങ്കിലും ബാങ്കുകളിൽ തൊഴിലുടമ കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതും www.lc.kerala.gov.in എന്ന തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിലുള്ള വേതന സുരക്ഷാ പദ്ധതിയുടെ ലിങ്ക്-ൽ 1960 ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ രേഖപ്പെടുത്തി, പ്രവേശിക്കേണ്ടതും സോഫ്റ്റ്‌വെയറിൽ തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തി, വേതനം കൈമാറാനുള്ള നിർദ്ദേശം ബാങ്കിന് നൽകേണ്ടതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി നിലവിൽ ഏതൊക്കെ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ഇതുമൂലം തൊഴിലാളികൾക്കുണ്ടായിട്ടുള്ള നേട്ടം എന്താണെന്നറിയിക്കുമോ; | (ബി) | ആദ്യഘട്ടത്തിൽ സ്വകാര്യ ആശുപത്രികൾ, ജ്വല്ലറികൾ, വസ്ത്രശാലകൾ, നിർമ്മാണമേഖല, ഡിസ്പെൻസറികൾ, ഫാർമസികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ, വൻകിട ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസുകൾ, സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നോൺ ടീച്ചിംഗ് വിഭാഗം, കടകൾ മറ്റ് വാണിജ്യ സ്ഥാപനങ്ങൾ എന്നീ മേഖലകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വേതന സുരക്ഷാ പദ്ധതിയിൽ ചേർന്നിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക്, സ്ഥാപന പരിശോധന കൂടാതെ തന്നെ പരിശോധിക്കുന്നതിന് സാധിക്കുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുകയും വേതന സംബന്ധമായ പരാതികൾ പരമാവധി ഒഴിവാക്കുന്നതിനും സാധിക്കുന്നു. |
| (സി) | ഈ പദ്ധതി വിജയപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ കൂടുതൽ മേഖലകളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.